(എ) നിലവിലുള്ള അബ്കാരി ചട്ടമനുസരിച്ച് എഫ്.എൽ-4 ലൈസൻസ് മറ്റൊരാൾക്ക് മറിച്ച് നൽകുവാൻ സാധിക്കുമോ ;

(ബി) എഫ്.എൽ-4 ലൈസൻസ് ലഭിച്ച വ്യക്തികൾ ലൈസൻസ് മറ്റുള്ളവർക്ക് മറിച്ച് നൽകിയതായുള്ള എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് ;

(സി) ഈ പരാതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അബ്കാരി ആക്ട്, ഫോറിൻ ലിക്കർ റൂൾ, എഫ്.എൽ-4 ലൈസൻസ് വ്യവസ്ഥ നമ്പർ 12 എന്നിവ അനുസരിച്ച് ടി ലൈസൻസ് ആർക്കും മറിച്ചു നൽകുവാൻ പാടില്ല.

(ബി) മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. അവയെല്ലാം മർച്ചന്റ് നേവി ആഫീസേഴ്സ് ക്ലബ്ബ്, കൊച്ചി എന്ന ലൈസൻസിക്കെതിരെയാണ്.

(സി) ഗവൺമെന്റിന്റെ ഫൈനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് 27-11-1998-ൽ നടത്തിയ പരിശോധനയിൽ കൊച്ചിയിലുള്ള മർച്ചന്റ് നേവി ആഫീസേഴ്സ് ക്ലബ്ബിന്റെ ലൈസൻസ് മറിച്ചു നൽകിയതായി കണ്ടെത്തുകയും അതിനെ തുടർന്ന് ടി ലൈസൻസിക്കെതിരായി '1991-92 മുതൽ 5/98 വരെയുള്ള കാലഘട്ടത്തിൽ ടി ലൈസൻസി എഫ്.എൽ. 4 ചട്ടങ്ങൾ ലംഘിച്ചു എന്ന കാരണത്താൽ ഫോറിൻ ലിക്കർ റൂൾ 34, ലൈസൻസ് വ്യവസ്ഥ നമ്പർ 22 പ്രകാരവും 40,000 രൂപ പിഴയായി എക്സൈസ് കമ്മിഷണറുടെ 8-7-1999-ലെ എക്സ്.സി. 6-3121/99 നമ്പർ ഉത്തരവുപ്രകാരം ഈടാക്കിയിട്ടുണ്ട്. കൂടാതെ മേലിൽ ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കരുതെന്നും ക്ലബ്ബ് അംഗങ്ങൾക്കുമാത്രമേ ക്ലബ്ബിന്റെ സൗകര്യങ്ങൾ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കള്ളുല്പാദനം

33 (1311) ശ്രീ. പി.പി. സുലൈമാൻ റാവുത്തൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തു കൂടുതൽ കള്ളുല്പാദനം നടത്തി വിദേശ മദ്യത്തിന്റെ വർദ്ധിച്ച ഉപഭോഗവും അതുവഴിയുള്ള സാമ്പത്തിക ചോർച്ചയും തടയുവാനുതകുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly